23/12/21

01/12/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


## ഹർജി നമ്പർ **AP No. 1585(6)/2020** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.13910/*എസ്.ഐ.സി–ജി 5/2020*)**

**സന്നിഹിതൻ**

## അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീമതി സുഹറാ ബീവി,**
**സംസം മൻസിൽ,**
**വികാസ് നഗർ –129,**
**ടികെഎം കോളേജ് പി.ഒ**
**കൊല്ലം – 691 005.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ചാർജ്ജ് ഓഫീസർ, കിളികൊല്ലൂർ സോണൽ ഓഫീസ്, മുനിസിപ്പൽ കോർപ്പറേഷൻ, കൊല്ലം.**
2. **അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/06/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/08/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/09/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/11/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/02/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 16/11/2021<br>ഗസ്റ്റ് ഹൗസ്, ആശ്രമം<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി (പ്രതിനിധി)<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി സുഹറാ ബീവി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ വിവരങ്ങൾ നൽകുന്നതിനുള്ള ഫയൽ കാണ്മാനില്ല എന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാൾ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമയപരിധിക്കുള്ളിൽ വിവരങ്ങൾ നൽകാതിരുന്ന അധികാരികൾക്കുമേൽ പെനാൽറ്റി ചുമത്തണമെന്നും മറ്റുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 19.06.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) എതിർകക്ഷി ഓഫീസിൽ നിന്നും ലഭിച്ച മുൻ വിവരാവകാശ മറുപടി പ്രകാരം KP II/72 ( ഇപ്പോൾ XXIII/609A) -ാം നമ്പർ കെട്ടിടത്തിന്റെ രജിസ്റ്ററിലെ ഉടമ ശ്രീ. നാസർ എന്നും കമ്പ്യൂട്ടർ ഡാറ്റാ എൻട്രിയിലെ ഉടമ ശ്രീ. ഷംസുദ്ദീൻ എന്നും അറിയിച്ചിരിക്കുന്നുവെന്നും ഒരു കെട്ടിടത്തിന് ഒരു ഉടമയെ പാടുള്ളു എന്ന പൊതു തത്വമനുസരിച്ച് KP II/72 (XXIII/609A) എന്ന കെട്ടിടത്തിന്റെ യഥാർത്ഥ ഉടമസ്ഥാവകാശം അരുടെ പേരിലാണെന്നും

2) ഈ കെട്ടിടത്തിന് കിളികൊല്ലൂർ സോണൽ ഓഫീസിലെ രജിസ്റ്ററിലും കമ്പ്യൂട്ടർ ഡാറ്റാ എൻട്രിയിലും ഇപ്പോഴും വ്യത്യസ്ത ഉടമകൾ ഉണ്ടാകാനുള്ള കാരണമെന്തെന്നും

3) ഈ വ്യത്യാസങ്ങൾ ഇപ്പോഴും ക്രമപ്പെടുത്താത്തതിന്റെ കാരണമെന്തെന്നും എന്നു തുടങ്ങി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 19.06.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.07.2020 ൽ നൽകിയ മറുപടിയിൽ വിവരങ്ങൾ നൽകുന്നതിന് ആവശ്യമുള്ള ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിരിക്കുന്നു. ടി മറുപടിക്കെതിരെ ടിയാൻ 10.08.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 24.09.2020 മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 02.02.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ 23-ാം ഡിവിഷനിലുൾപ്പെടുന്ന 609 A (പഴയ നമ്പർ II/72) ഉടമസ്ഥത തെളിയിക്കുന്ന ജമമാറ്റ രേഖകളുടെ ആധികാരികത ചോദ്യം ചെയ്തുകൊണ്ട് 27.02.2020 ൽ നൽകിയ അപേക്ഷയ്ക്ക് 23.03.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിൽ തൃപ്തിവരാതെയാണ് ടിയാൾ 19.06.2020 ൽ ടി കാര്യത്തിൽ വ്യക്തത വരുത്തതിനായി 15 ഓളം ചോദ്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും അപേക്ഷ നൽകിയതെന്നും കോവിഡ് 19 മഹാമാരിയുടെ കാലയളവ് ആയതിനാലും പത്തു വർഷത്തിലധികം പഴക്കമുള്ള രേഖകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും തദ്ദേശഭരണ സ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കൽ ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ യഥാസമയം പൂർത്തിയാക്കേണ്ടതുള്ളതിനാലും ഓഫീസ് ജീവനക്കാരുടെ അപര്യാപ്തത, ഓഫീസ് ഫയലുകൾ ക്രമമായി ചിട്ടയോടു കൂടി സൂക്ഷിക്കാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഹർജിക്കാരി ഉന്നയിച്ച കെട്ടിടത്തിന്റെ ജമമാറ്റം നടത്തിയതായി പറയുന്ന 2010 ലെ ബന്ധപ്പെട്ട ഫയൽ കണ്ടുപിടിക്കാൻ കാലതാമസം നേരിട്ടുവെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാവകാശം അനുവദിക്കണമെന്ന് വ്യക്തമാക്കി 21.07.2020 ൽ ഹർജിക്കാരിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും ഇതിനിടയിൽ ടിയാൾ ഉന്നയിച്ച കെട്ടിടത്തിന്റെ ഓഫീസ് രേഖകൾ പ്രകാരമുള്ള യഥാർഥ കെട്ടിട ഉടമയായ ശ്രീ.വൈ. നാസർ എന്നയാൾക്ക് നോട്ടീസ് നൽകിയതു പ്രകാരം ടിയാൻ ഓഫീസിൽ ഹാജരായി ടി വസ്തുവിനെപ്പറ്റിയുള്ള രേഖകളുടെ പകർപ്പുകൾ എല്ലാം തന്നെ ടി ഓഫീസിന് കൈമാറിയിട്ടുള്ളതാണെന്നും ടി രേഖകളുടെ പകർപ്പുകൾ ഹർജിക്കാരിക്കോ മറ്റാർക്കെങ്കിലുമോ നൽകുവാൻ ടിയാന് സമ്മതമില്ലായെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതാണെന്നും മാത്രമല്ല ടിയാന്റെ പേരിലേക്ക് ജമമാറ്റം നടത്തിയിട്ടുള്ളതിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിലോ, രേഖകളുടെ കുറവുകൾ ഉണ്ടെങ്കിലോ ആയത് പരിഹരിച്ച് നൽകണമെന്നാവശ്യപ്പെട്ട് 18.08.2020 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും പിന്നീട് ടി ഓഫീസിൽ നിന്നും പ്രസ്തുത ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ റവന്യൂ അധികാരികൾക്ക് ടി ഭൂമിയുടെ യഥാർത്ഥ ഉടമകൾ ആരാണെന്ന് വ്യക്തമാക്കണമെന്ന്

അറിയിച്ചുകൊണ്ട് 14.10.2020 ന് മങ്ങാട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയെന്നും തുടർന്ന് 14.12.2020 ൽ ബ്ലോക്ക് നം. 15, സർവ്വേ 111/19 ൽ പെട്ട് 07.70 ആർസ് വരുന്ന സ്ഥലം 21853-ാം നമ്പർ തണ്ടപ്പേരിൽ 1992 മുതൽ 2009 വരെയുള്ള കാലയളവിൽ അറുനൂറ്റിമംഗലത്ത് തേരിയിൽ സംസം മൻസിലിൽ കൊച്ചുവാപ്പുകുഞ്ഞ് മകൻ ശ്രീ. ഷംസുദ്ദീൻ എന്നവരുടെ പേരിലാണെന്നും തുടർന്ന് 2009 മുതൽ കരുനാഗപ്പള്ളി താലൂക്കിൽ പടനായർകുളങ്ങര വടക്ക് മുറിയിൽ, പറങ്കിമാംമൂട്ടിൽ യൂസഫ് കുഞ്ഞ് മകൻ ശ്രീ. നാസർ എന്നവരുടെ പേരുകളിലായിട്ടാണ് സ്ഥിതിചെയ്യുന്നതെന്നും ടി പേരുകളിലായിട്ടാണ് ഭൂനികുതി ഒടുക്കി വരുന്നതെന്നും വ്യക്തമാക്കിയെന്നും ആയത് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്ഥല പരിശോധന നടത്തി ആയത് സംബന്ധിച്ച കാര്യത്തിൽ കൃത്യത വരുത്തിയെന്നും ആയതിനെതുടർന്ന് ഓഫീസിൽ നിന്നും 2010 ൽ നടത്തിയ ജമമാറ്റ നടപടികളിൽ അപാകതകൾ സംഭവിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടുവെന്നും ഓഫീസിലെ ഇ-സേവന ദാതാവായ ഇൻഫർമേഷൻ കേരള മിഷന്റെ 'സഞ്ചയ' എന്ന സോഫ്റ്റ്വെയറിലും ഓഫീസിലെ അനുബന്ധ രേഖകളിലും അതിന് അനുസൃതമായ വിധത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതുമാണെന്നാണ്. 2010 ൽ ഓഫീസിലെ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ ജമ ശ്രീ. ഷംസുദ്ദീൻ എന്നവരുടെ പേരിൽ നിന്നും ശ്രീ. വൈ. നാസർ എന്നവരുടെ പേരിലേക്ക് മാറ്റിയിട്ടുള്ളത് ശരിയായ നടപടിയാണെന്നും ഡിജിറ്റലൈസേഷന്റെ ഭാഗമായി ഓൺലൈൻ മുഖേന നികുതിദായകർക്ക് നികുതി ഒടുക്കുന്നതിനുള്ള സൗകര്യങ്ങൾ നഗരസഭയിൽ 01.04.2016 മുതൽ ഏർപ്പെടുത്തിയതിന്റെ ഭാഗമായി ടാക്സ് റിവിഷൻ നടപടികളുടെ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിൽ നഗരസഭയുടെ ഇ-സേവനദാതാക്കൾക്ക് വന്ന സാങ്കേതിക പിഴവുകളും പ്രസ്തുത സെക്ഷൻ മുൻകാലങ്ങളിൽ കൈകാര്യം ചെയ്ത ജീവനക്കാർക്ക് വന്ന ചെറിയ പിശകുമാണ് ഇത്തരത്തിലുള്ള പരാതി ഉണ്ടാകുവാൻ സാഹചര്യം സൃഷ്ടിച്ചതെന്നും 2000 ൽ കോർപ്പറേഷൻ രൂപീകരണത്തിന് മുമ്പ് തന്നെ കിളിക്കൊല്ലൂർ ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ II/72 എന്ന ഓടിട്ട കെട്ടിടത്തിൽ കടമുറിയായി പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് മേൽക്കൂര മാറ്റി കോൺക്രീറ്റ് കെട്ടിടമാക്കി മാറ്റിയിരുന്നുവെന്നും ആയതിനോടനുബന്ധമായി തന്നെ കൂട്ടിച്ചേർക്കലുകൾ നടത്തി പുതിയ ഒരു വീടിന്റെ നിർമ്മാണ പ്രവൃത്തികളും നടത്തി

യിട്ടുള്ളതുമാണെന്ന് സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടതായും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 27.02.2020 ൽ ഹർജിക്കാരി നൽകിയ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൾ 19.06.2020 ൽ വീണ്ടും ടി കാര്യത്തിൽ വ്യക്തത വരുത്തതിനായി 15 ഓളം ചോദ്യങ്ങൾ ഉൾപ്പെടുത്തി വീണ്ടും അപേക്ഷ നൽകിയത്. 19.06.2020 ലെ അപേക്ഷയ്ക്കുള്ള മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൾ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ മറുപടിയും രേകകളുടെ പകർപ്പുകളും ലഭ്യമാക്കണമെന്നാണ് ടിയാളുടെ ആവശ്യം. ഇരു കക്ഷികളേയും വിശദമായി കേട്ടു. വിവരാവകാശ നിയമപ്രകാരം 19.06.2020 ൽ ഹർജികക്ഷി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കിളികൊല്ലൂർ സോണൽ ഓഫീസിൽ നൽകിയിട്ടുള്ള അപേക്ഷയ്ക്ക് വ്യക്തമായ മറുപടി എതിർകക്ഷികൾ (എസ്.പി.ഐ.ഒ യും അപ്പീലധികാരിയും) നൽകിയിട്ടില്ല എന്നു കാണുന്നു. നൽകിയ മറുപടി അവ്യക്തവും ദുരൂഹതകൾ നിറഞ്ഞതുമായി കാണുന്നു. ജമാ ഫയൽ കാണുന്നില്ല എന്ന മുടന്തൻ ന്യായം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നതല്ല. തികച്ചും അശ്രദ്ധമായും വിവരാവകാശ നിയമ പ്രകാരം കാട്ടേണ്ട ഒരു വിധ ജാഗ്രതയും കാട്ടാതെ അലസമായി തയ്യാറാക്കി ആഫീസ് സീലോ, ഡസിഗ്നേഷൻ സീലോ പതിക്കാതെയാണ് ടി മറുപടി നൽകിയിരിക്കുന്നത്. അപ്പീലധികാരിയും ഒപ്പു വച്ച അപ്പീലധികാരിയുടെ പേരോ, ഡസിഗ്നേഷൻ സീലോ വയ്ക്കാതെയും വിവരം തൃപ്തികരമല്ല എങ്കിൽ അപ്പീൽ നൽകാനുള്ള വിവരങ്ങൽ ചേർക്കാതെയുമാണ് മറുപടി നൽകിയതായി കാണുന്നത്. ഇപ്രകാരം പ്രവർത്തിച്ച ഒന്നാം അപ്പീലധികാരി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന്റെ വിശദീകരണം കമ്മീഷനിൽ ഹാജരാക്കണം. ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ

നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്. അപ്പീൽ ഹർജികക്ഷി 19.06.2020 ൽ നൽകിയ അപേക്ഷയിലെ എല്ലാ വിവരങ്ങളും ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം രജിസ്റ്റേർഡ് പോസ്റ്റു വഴി അപ്പീൽ ഹർജികക്ഷിക്കു നൽകി വിവരം കമ്മീഷനിൽ അറിയിക്കേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 1-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm